നാനാഭോഗത്തേക്കും കൊണ്ടുപോകുന്നു. ആ കടന്നുപോകുന്ന വഴികളിൽ ദുർഗന്ധം വമിപ്പിക്കുന്നു എന്നു മാത്രമല്ല ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ പ്രശ്നത്തിലും മറ്റു പ്രശ്നങ്ങളിലേതുപോലെ പരിശോധിക്കാം, എന്നു ബഹുമാനപ്പെട്ട മന്ത്രിപറയും. സർ പരിശോധിക്കേണ്ട വിഷയമല്ല ഇത്. സർ, മുപ്പത്തെട്ടുവർഷമായി കേരളത്തിൽ അധികാരത്തിൽവന്ന ജനാധിപത്യ സർക്കാരുകൾ അവഗണിച്ചിട്ടിരിക്കുന്ന ഒരു തലസ്ഥാനവും അവിടെ താമസിക്കുന്ന വലിയ ഒരു വിഭാഗം ജനങ്ങളും ഉണ്ട്. സർ, ഞാൻ പ്രാദേശികമായി ചിന്തിക്കുന്നതല്ല. സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിൽ ജീവിക്കുന്ന ആളുകളെ ശോചനീയാവസ്ഥയിൽനിന്നും രക്ഷിക്കേണ്ടതുണ്ട്. കോഴിക്കോടിനും, എറണാകുളത്തിനും, വടകര മുനിസിപ്പാലിറ്റിക്കും, അതല്ലെങ്കിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്കും നടത്തുന്ന തരത്തിലുള്ള ഒരു സാങ്കേതികത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വികസനപ്രവർത്തനങ്ങൾക്കു പണം അനുവദിക്കുന്ന രീതിയിൽ പണം അനുവദിച്ച് കേരളത്തിന്റെ തലസ്ഥാനത്തെ കോൺക്രീറ് വനങ്ങളിൽനിന്ന്, ഓടകളിൽനിന്ന്, പൊളിഞ്ഞ റോഡുകളിൽനിന്ന് ശുദ്ധവായുവില്ലായ്മയിൽനിന്ന്, വഴി നടക്കാനുള്ള ബുദ്ധിമുട്ടുകളിൽനിന്ന്, മോചിപ്പിക്കുന്നതിന് ഗവൺമെൻറ് അടിയന്തിരമായ നടപടികളെടുക്കണം. പണ്ടെങ്ങോ ഉണ്ടാക്കിയ ഒരു മാസ്റ്റർ പ്ലാനുണ്ട്. അത് ഇന്ന് കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ കമ്മീഷൻ റിപ്പോർട്ടുകൾ പോലെ തിരുവനന്തപുരം തലസ്ഥാനനഗരത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഇവിടെ മാറാല പിടിച്ച് സെക്രട്ടേറിയറ്റിലെ ഏതോ അലമാരയ്ക്കുള്ളിൽ കിടക്കുന്നുണ്ട്. അതിനു മോചനമുണ്ടാക്കി പുറത്തുകൊണ്ടുവന്ന് നടപ്പിൽ വരുത്താൻ ഗവൺമെൻറ് സഹായിക്കണം. അതിനുവേണ്ടി ഈ നഗരത്തിലുള്ള പൊതുപ്രവർത്തകരും, പാർട്ടിക്കാരും എല്ലാ ആളുകളും സഹകരിക്കും. ആ സന്ദർഭത്തിൽ ആരെങ്കിലും ഒരു കടലാസുമായി വന്നിട്ട് സ്റ്റേ എന്നു പറഞ്ഞാൽ അതിനെ നേരിടാനുള്ള ധീരത ഈ ഗവൺമെൻറ് കാണിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം): ഈ കാളിംഗ് അറ്റൻഷനെ സംബന്ധിച്ച് എനിക്ക് ഒരു കാര്യം അറിയിക്കുവാനുണ്ട്. വെള്ളിയാഴ്ച രാത്രി ഈ കാളിംഗ് അറ്റൻഷൻ തെക്കോട്ട് ഹൗസിൽ നൽകുകയുണ്ടായി. ഞാൻ കോൺസ്റ്റിറ്റ്യുവൻസിയിൽ പോയി വന്നശേഷം എനിക്ക് ഇന്നലെ രാത്രിയിലാണ് ഇതു കിട്ടിയത്.

മി. സ്പീക്കർ: മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ നാളെ പറഞ്ഞാൽ മതി.

ശ്രീ. സി.എം. സുന്ദരം: ബുദ്ധിമുട്ടിനെക്കുറിച്ചാണ് പറഞ്ഞുവന്നത്.

(2) വിള ഇൻഷ്വറൻസ് പദ്ധതി

ശ്രീ. പി. വിജയദാസ്: 1985 ഏപ്രിൽ മാസം മുതൽ മൂന്നാംവിള, ഖരീഫിന് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1979–80 ലും ഒരു പൈലറ്റ് വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടായിരുന്നു. അതു നടപ്പിലാക്കാൻ കഴിയാതെപോകുകയാണ് ഉണ്ടായത്. 1985–ഏപ്രിൽ മുതൽ ഒന്നാം വിളയെന്നറിയപ്പെടുന്ന ഖരീഫിന് കേന്ദ്രഗവൺമെന്റ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി. അതിന്റെ നേതൃത്വം ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനാണ് ഏറ്റെടുത്തത്. അതിനകത്തുള്ള ചില പോരായ്മകൾ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നത്. ഈ വിള ഇൻഷ്വറൻസിൽ 1985 ഏപ്രിൽ മുതൽ വായ്പയെടുത്തിട്ടുള്ള മുഴുവൻ കൃഷിക്കാരും നിർബന്ധിതമായി അതിൽ വീണുപോയിരിക്കുകയാണ്. വായ്പ എടുത്തിട്ടുള്ള മുഴുവൻ നെൽകൃഷിക്കാരും നിർബന്ധമായി ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുകയും പ്രീമിയം അടയ്ക്കുകയും വേണം. വായ്പയെടുത്തിരിക്കുന്ന കൃഷിക്കാരന് അതിൽ നിന്നും മാറി നിൽക്കുവാൻ സാദ്ധ്യമല്ല. വായ്പയെടുത്തിട്ടുള്ള കൃഷിക്കാരന്റെ പേരിൽ ആ വായ്പകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ കർഷകന്റെ പുറത്ത് വേറെ ഒരു വായ്പകൂടി എഴുതിവച്ച് ആ തുകയ്ക്ക് ഇൻഷ്വറൻസ് പ്രീമിയമായി ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനെ ഏൽപ്പിക്കണം. അതാണ് വ്യവസ്ഥ. നിർബന്ധമായും അങ്ങനെ ഏർപ്പെടുത്തിയിരിക്കണം. അതിന് എനിക്ക് പരാതിയില്ല. പക്ഷേ ഈ നഷ്ടം കാണിക്കുന്ന കാര്യത്തിൽ, കർഷകന് നഷ്ടം വന്നതായി കാണിക്കുന്ന കാര്യത്തിൽ ഒരു താലൂക്കാണ് ജൂറിസ് ഡിക്ഷനായി എടുത്തിരിക്കുന്നത്. ഒരു താലൂക്ക് മുഴുവനും വിളനാശം സംഭവിച്ചാൽ മാത്രമേ കർഷകന് നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. കേരളത്തിൽ ഒരു താലൂക്കുമുഴുവൻ വിളനാശം സംഭവിക്കുന്ന കാര്യം നമുക്കു വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ഒരു പഞ്ചായത്തിൽ ഏകദേശം അൻപതോളം ഏലാകൾ ഉണ്ട്. ആ ഏലായിൽ ഒരു കൃഷിക്കാരന് സ്വന്തമായിട്ട് ഉള്ള സ്ഥലം ഒരുപായോ രണ്ടുപായോ അല്ലെങ്കിൽ 50 സെന്റോ ആയിരിക്കും. അങ്ങനെയുള്ള കൃഷിക്കാരന്റെ പാടം മടവീണുനശിച്ചുപോയാൽ ഈ നഷ്ട പരിഹാരം ലഭിക്കുകയില്ല. ഒരേലാ മുഴുവനും നശിച്ചുപോയാലും കൃഷിക്കാരന് ഈ തുക ലഭിക്കുകയില്ല. നിർബന്ധമായും കൃഷിക്കാരനെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് നിർബന്ധിച്ച്, ഇതിൽ ചേർത്തിരിക്കുകയാണ്. അതുപോലെതന്നെ ഒരു താലൂക്ക് മുഴുവനും നഷ്ടപ്പെട്ടാൽ (ക്രോസ് കട്ടിംഗ് അടിസ്ഥാനത്തിൽ (വിള പരിശോധിക്കുന്നതിനുള്ള ഏർപ്പാടാണ്) ഈ നഷ്ടം നൽകുന്നു. കളക്ടർ ഒരു താലൂക്ക് മുഴുവൻ നശിച്ചിരിക്കുന്നു എന്ന് ഡിക്ലെയർ ചെയ്താൽ മാത്രമേ കൃഷിക്കാരന് നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. നിർബന്ധിച്ച് ഇതിൽ കർഷകനെ ചേർക്കുകയും അവന് നഷ്ടപരിഹാരം ലഭിക്കാതെ ഇരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഇതിനകത്ത് അന്തർലീനമായിരിക്കുന്നത്. രണ്ടുശതമാനമാണ് ഇൻഷ്വറൻസ് പോളിസിയായി കർഷകൻ അടയ്ക്കേണ്ടത്. നാമമാത്ര കർഷകന് ഒരു ശതമാനം അടച്ചാൽ മതി. ബാക്കിയുള്ളവർക്ക് രണ്ടു ശതമാനം അടയ്ക്കണം. അങ്ങനെ അടച്ചാൽ ഒരു ഭീമമായ തുക ഈ കൃഷിക്കാരൻ വർഷംതോറും അടയ്ക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് നഷ്ടപരിഹാരം ലഭിക്കാൻ ഇതിനകത്ത് യാതൊരു മാർഗ്ഗവുമില്ല. അങ്ങനെ കൃഷിക്കാരനെ നിർബന്ധപൂർവ്വം ഇതിൽ ചേർക്കുകയും, കർഷകന് നഷ്ടപരിഹാരം എത്തിക്കാതിരിക്കുകയും ചെയ്യുന്ന ഒരു നടപടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് സംജാതമായിട്ടുള്ളത്. കൃഷിക്കാരൻ അറിഞ്ഞാലും ഇല്ലെങ്കിലും അവന്റെ പേരിൽ വേറെ ഒരു വായ്പകൂടി എഴുതിവച്ച് അവർ അറിയാതെ ആ പണം ഇൻഷ്വറൻസിനെ ഏൽപ്പിക്കണം എന്നാണ് നിയമം. നെൽകൃഷി ചെയ്യുന്ന പാവപ്പെട്ട കൃഷിക്കാരൻ ഇന്ന് ദുരിതത്തിലാണ്. അതിന്റെ കൂടെ ഈ ഇൻഷ്വറൻസ് പ്രീമിയവുംകൂടി അടയ്ക്കുന്നു, അവന് നഷ്ട പരിഹാരം ലഭ്യമാകുന്നുമില്ല. ഇങ്ങനെയുള്ള സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ശാസ്ത്രീയമായി നെൽകൃഷി രംഗത്ത് കൃഷിക്കാരന് പ്രയോജനകരമായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണം എന്നാണ് എനിക്ക് അതിനെക്കുറിച്ച് സൂചിപ്പിക്കുവാൻ ഉള്ളത്. ഇത് കർഷകന് പ്രയോജനകരം ആയിരിക്കണം. കൃഷി ചെയ്യുന്ന ആളുകൾക്ക് നഷ്ട പരിഹാരം ലഭ്യമാക്കുകയും വേണം.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, കഴിഞ്ഞ 19-ാം തീയതി ഒരു സബ്മിഷന് മറുപടിയായി വിള ഇൻഷ്വറൻസിന്റെ കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞിട്ടുള്ളതാണ്. വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ കാരണങ്ങളാൽ കൃഷി നാശം സംഭവിച്ച കൃഷിക്കാരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയാണ് കേരളത്തിൽ 1985 വിരിപ്പു വിള മുതൽ നടപ്പിലാക്കി വരുന്നത്. ഇത് താലൂക്ക് അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കാരണം ഓരോ കൃഷിക്കാരനേറെയും കൃഷിപ്പാടങ്ങളും പ്രത്യേകം പ്രത്യേകം ഇൻഷ്വർ ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള നെൽകൃഷിയുടെ സ്ഥിതിവിവരക്കണക്കനുസരിച്ച് മൂന്നു കൊല്ലത്തെ ശരാശരി വിളവ് തിട്ടപ്പെടുത്തിയാണ് ഇൻഷ്വർ ചെയ്യുന്നത്. കൃഷിക്കാരൻ സഹകരണ ബാങ്കുകളിൽ നിന്നോ മറ്റു ബാങ്കുകളിൽനിന്നോ കൃഷിക്കുവേണ്ടി എടുക്കുന്ന കാർഷികവായ്പയുടെ ഒന്നര ഇരട്ടി സംഖ്യക്കാണ് ഇൻഷ്വർ ചെയ്യുന്നത്. പ്രീമിയം രണ്ടുശതമാനമാണ്. ചെറുകിട നാമമാത്ര കൃഷിക്കാർ നൽകേണ്ട പ്രീമിയത്തിന്റെ പകുതി സബ്സിഡിയായി ഗവൺമെന്റ് നൽകും. താലൂക്കടിസ്ഥാനത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്.

കേരളത്തിൽ 13 ജില്ലാ സഹകരണ ബാങ്കുകളും ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. കൊമേഴ്സ്യൽ ബാങ്കുകളും ഇതു നടപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായി അറിയുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനും കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സ്കീം കഴിഞ്ഞ വിരിപ്പു സീസണിൽ നടപ്പാക്കിതുടങ്ങിയതേയുള്ളൂ. താലൂക്ക് അടിസ്ഥാനത്തിനു പകരം പഞ്ചായത്ത് അല്ലെങ്കിൽ വില്ലേജ് ഏതെങ്കിലും ചെറിയ യൂണിറ്റുകൾ ഇതിന്റെ അടിസ്ഥാനമായി സ്വീകരിക്കണമോ എന്നും മറ്റുമുള്ള കാര്യങ്ങൾ രണ്ടുമൂന്നു സീസണിലെങ്കിലും ഇത് നടപ്പാക്കിക്കഴിഞ്ഞ് പ്രായോഗിക വൈഷമ്യങ്ങൾ ഉണ്ടോ എന്ന് അറിഞ്ഞതിന് ശേഷം മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: ഞാൻ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് ബഹുമാന്യനായ മന്ത്രിയും പറഞ്ഞത്. അതിൽനിന്ന് വ്യത്യസ്തമായി ഇത് ശാസ്ത്രീയമായി പുനഃപരിശോധിക്കുന്നതിനും ഇത് പഠിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം. എന്നിട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇതിന് മാർഗ്ഗം ഉണ്ടാക്കാൻ ശ്രമിക്കണം.

ശ്രീ. എ.എൽ. ജേക്കബ്: അതിനാണ് അഗ്രിക്കൾച്ചറൽപ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

III. സബ്മിഷൻ

(1) വടക്കാഞ്ചേരിയിൽ റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ.എസ്. നാരായണൻനമ്പൂതിരി: സർ, തൃശൂർ-ഷൊർണ്ണൂർ ലൈൻ ഏറ്റവും അധികം ട്രാഫിക് ഉള്ള റോഡാണ്. പാലക്കാട്, മലപ്പുറം, പെരിന്തൽമണ്ണ റൂട്ടിൽ ട്രാഫിക് അധികമാണ്. വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിൽവച്ച് റെയിൽവേക്രോസും കിടക്കുകയാണ്. ഡബിൾ ലൈൻ വന്നതു കാരണം ഒരു വണ്ടിപോയശേഷം വേറെ വണ്ടി വരാനുണ്ട് എന്നുള്ളതുകൊണ്ട് അടഞ്ഞു തന്നെ കിടക്കുന്ന റെയിൽവേ ക്രോസ് കാരണം യാത്രാക്ലേശം വളരെയധികം ഉണ്ടാകുന്നുണ്ട്. ഓഫീസുകൾ, ആശുപത്രി, കോളേജ് എല്ലാംതന്നെ രണ്ടു ഭാഗങ്ങളിലായി കിടക്കുന്നതുകൊണ്ട് ഏറ്റവുമധികം വിഷമിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് അവിടെ ഒരു ഓവർബ്രിഡ്ജ് ഉടനേ പണിയേണ്ടത് ആവശ്യമാണ്. അഞ്ചെട്ടുകൊല്ലത്തോളമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പണിയാണിത്, അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് റെയിൽവേ വകുപ്പ് കൈകാര്യം ചെയ്യുന്ന ധനകാര്യമന്ത്രി ഈ കാര്യത്തിന് മുൻഗണന കൊടുത്ത് ആ ഓവർബ്രിഡ്ജിന്റെ പണി ഉടനേ തുടങ്ങാനുള്ള നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി 1970–71–ൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുകയുണ്ടായി. അതിനുശേഷം 1972–ൽ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുവാനുള്ള നടപടികളും ആരംഭിച്ചു. 1974–ൽ ഈ ലൈൻ ഇരട്ടിപ്പിക്കുവാൻ വേണ്ടി റെയിൽവേ വകുപ്പ് തീരുമാനിച്ചു. അവിടെനിന്ന് എറണാകുളം വരെയുള്ള ലൈനാണ് ഇരട്ടിപ്പിക്കുവാൻ തീരുമാനിച്ചത്. അങ്ങനെയുള്ള തീരുമാനം എടുത്തതുകൊണ്ട് റീ–അലൈൻമെന്റ് വേണ്ടി വന്നു. അതുകൊണ്ട് അതിനു മുമ്പ് സ്ഥലം പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികൾ നിറുത്തിവച്ചു. കാരണം ആ അലൈൻമെന്റ് ഫൈനൽ ആയതിനുശേഷം ഇതിനെ സംബന്ധിച്ചുള്ള നടപടികൾ നടത്തിയാൽ മതി എന്നുള്ള നിലയ്ക്ക് അക്വിസിഷൻ നടപടികൾ നിറുത്തിവച്ചു. 1984–ൽ റെയിൽവേ അധികൃതരുടെ പ്ലാൻ അനുസരിച്ച് 40 ലക്ഷം രൂപയുടെ ചെലവ് പ്രതീ

LIBRARY ARCHIVES Kerala Legislative Assembly